പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1251 11.06.2019 ൽ മറുപടിക്ക്**

**തിരൂരങ്ങാടിയിലെ ഫയർ സ്റ്റേഷന് പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.പി.കെ.അബ്ദു റബ്ബ്** | **ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) തിരൂരങ്ങാടിയിലെ നിർദ്ദിഷ്ട ഫയർ സ്റ്റേഷനായി ദേശീയ പാതയിൽ തെന്നല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോഴിച്ചെന്നയിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി അനുവദിക്കുന്ന നടപടിക്രമം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | എ) & ബി) ദേശീയപാത 66 നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള നടപടികൾ മലപ്പുറം ജില്ലയിൽ പുരോഗമിക്കുകയാണ്. തിരൂരങ്ങാടിയിലെ നിർദ്ദിഷ്ടഫയർ സ്റ്റേഷനായി ദേശീയപാതയിൽ തെന്നല പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കോഴിചെന്നയിലുള്ള പൊതുമരാമത്ത് വകുപ്പിന്റെ ഭൂമി അനുവദിക്കുന്ന നടപടി ക്രമം ദേശീയപാതയുടെ (4വരി) ഭൂമിയേറ്റെടുക്കൽ പൂർത്തിയായതിനു ശേഷം സ്വീകരിക്കുന്നതാണ്. ഭൂമി കൈമാറ്റം ചെയ്യുന്ന പ്രവൃത്തിക്ക് ആവശ്യമായുള്ള ഡീറ്റെയിൽഡ് ഡ്രായിംഗും മറ്റ് അനുബന്ധ രേഖകളും സമർപ്പിക്കുന്നതിനായി മലപ്പുറം ദേശീയപാത വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഈ വർക്കിനുള്ള സ്ഥലം കൈമാറുന്ന പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ എത്തിയ ശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും ഏതേത് തീയതികളിൽ ഈ ഫയലിൽ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ? | |

**സെക്ഷൻ ഓഫീസർ**